**അടിയന്തിരം**

**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എഡി.ബി7/9304/എച്ച്.എസ്.ഇ/16

**തീയതി** :15/05/2017

## സർക്കുലർ

വിഷയം :- ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ പ്രിൻസിപ്പൽ തസ്തികയിലേയ്ക്കുള്ള നിയമനം - കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാത്തവർക്ക് സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി നൽകുന്നത്-സംബന്ധിച്ച്.

സൂചന:- 1) ഈ ഓഫീസിലെ 26/05/2014 ലെ എഡി.ബി7/22143/എച്ച്.എസ്.ഇ/12 നമ്പർ ഉത്തരവ് പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റ്.
2) ഹയർ സെക്കന്ററി ഡയറക്ടറുടെ 17/04/2017 തീയതിയിലെ ഇതേ നമ്പർ സർക്കുലർ
3) 22/04/2017 തീയതിയിലെ ഇതേ നമ്പർ സർക്കുലർ

സൂചന (1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ഹയർ സെക്കന്ററി അദ്ധ്യാപകരോട് സൂചന (2), (3) സർക്കുലർ പ്രകാരം 02/05/2017 തീയതിയ്ക്കുള്ളിൽ 2014, 2015, 2016 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. നിശ്ചിതസമയപരിധിക്കകം കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാത്ത അദ്ധ്യാപകർക്കായി വീണ്ടും ഒരു അവസരം കൂടി നൽകുന്നു. 18/05/2017 വ്യാഴാഴ്ച 5 പി.എം.ന് മുമ്പായി CR സമർപ്പിക്കാത്ത അദ്ധ്യാപകർ ഈ ഓഫീസിൽ നേരിട്ടെത്തി CR സമർപ്പിക്കേണ്ടതാണ്. അദ്ധ്യാപകർ തങ്ങളുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്ത ഓർഡറിന്റെ പതിപ്പ് CR നോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഇതുവരെയും പ്രൊബേഷൻ ഡിക്ളറേഷൻ ഓർഡറിന്റെ പകർപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കിയിട്ടില്ലാത്തവരും പ്രിൻസിപ്പൽ പ്രമോഷൻ നേരത്തെ റിലിംഗ്യഷ് ചെയ്തിട്ടുള്ളവരും ബന്ധപ്പെട്ട ഗവ:ഓർഡറിന്റെ പകർപ്പ്/ബന്ധപ്പെട്ട രേഖകൾ adb7prpromotion@gmail.com എന്ന ഇമെയിൽ അഡ്രസ്സിൽ അയച്ചു നൽകേണ്ടതാണ്. പ്രിൻസിപ്പൽ പ്രമോഷൻ നടപടികൾ അടിയന്തിരമായി പൂർത്തികരിക്കേണ്ടതിനാൽ അദ്ധ്യാപകർ സമയപരിധിയ്ക്കുള്ളിൽ മേൽസൂചിപ്പിച്ച രേഖകൾ സമർപ്പിക്കേണ്ടതാണ്. മുകളിൽ പറഞ്ഞ രേഖകൾ സമർപ്പിക്കുന്നതിന് ഇനി ഒരു അവസരം നൽകുന്നതല്ലെന്നും CR സമർപ്പിക്കാത്തവരെ DPC ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ലെന്ന വിവരവും അറിയിക്കുന്നു.

ഡയറക്ടർ ഇൻ ചാർജ്ജ്

5